"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

പൊതുവിദ്യാഭ്യാസ വകുപ്പ് - കണ്ണൂർ, ചിറക്കൽ രാജാസ് എച്ച്.എസ്.എസിലെ എഫ്.ടി.സി.ഇ ആയ ശ്രീ.അശ്വിൻ വർമ്മയുടെ നിയമനാംഗീകാരം സംബന്ധിച്ച റിവിഷൻ ഹർജി തീർപ്പാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുവിദ്യാഭ്യാസ(എസ്) വകുപ്പ്**

സ.ഉ.(സാധാ) നം.2603/2024/GEDN തീയതി,തിരുവനന്തപുരം, 08-04-2024

---

പരാമർശം:-

1. കണ്ണൂർ, ചിറക്കൽ രാജാസ് എച്ച്.എസ്.എസിലെ എഫ്.ടി.സി.ഇ ആയ ശ്രീ.അശ്വിൻ വർമ്മ സമർപ്പിച്ച 24.04.2023 ലെ റിവിഷൻ ഹർജി.
2. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 23.01.2024 ലെ ഡി.ജി.ഇ/2023/9209/ഇ.എം 4 നം. കത്ത്.

**<u>ഉത്തരവ്</u>**

കണ്ണൂർ, ചിറക്കൽ രാജാസ് എച്ച്.എസ്.എസിലെ എഫ്.ടി.സി.ഇ ആയ ശ്രീ.അശ്വിൻ വർമ്മയുടെ നിയമനാംഗീകാരവുമായി ബന്ധപ്പെട്ട് പരാമർശം(1) പ്രകാരം റിവിഷൻ ഹർജി സമർപ്പിച്ചിരുന്നു.

2. കണ്ണൂർ, ചിറക്കൽ രാജാസ് എച്ച്.എസ്.എസിൽ ഓഫീസ് അറ്റൻഡന്റ് ആയ ശ്രീ.ശിവപ്രസാദ് വർമ്മ 31-05-2022ന് വിരമിച്ച ഒഴിവിൽ ടി സ്കൂളിലെ എഫ്.ടി.സി.ഇ. ആയ ശ്രീ.മിഥുനിന് സ്ഥാനകയറ്റം നൽകിയതിനെത്തുടർന്നുണ്ടായ ഒഴിവിലേക്ക് ചട്ടം 9എ അവകാശിയായ ശ്രീ.അശ്വിൻ വർമ്മയെ മാനേജർ നിയമിച്ചു. ശ്രീ.അശ്വിൻ വർമ്മ ബി.കോം. ബിരുദധാരിയാണ്. 04-06-2016 ന് ശേഷമുള്ള ലാസ്റ്റ് ഗ്രേഡ് നിയമനങ്ങൾക്ക് ബിരുദധാരികളെ പരിഗണിക്കുവാൻ പാടുള്ളതല്ല എന്ന വ്യവസ്ഥയുള്ളതിനാൽ ടിയാളുടെ നിയമനം നിരസിക്കപ്പെട്ടു. 04-06-2016നു മുമ്പ് 9എ അവകാശികളായവർക്ക് മേൽ വ്യവസ്ഥയിൽ ഇളവുകളൊന്നും നൽകിയിട്ടില്ല.

3. ചിറക്കൽ രാജാസ് എച്ച്.എസ്.എസിലെ ഓഫീസ് അറ്റൻഡന്റായിരുന്ന ശ്രീ.കൃഷ്ണകിഷോർ സേവനത്തിലിരിക്കെ മരണപ്പെട്ടപ്പോൾ ശ്രീ.അശ്വിൻ മൈനറായിരുന്നു. ടിയാളുടെ ജനന തിയ്യതി 08-05-2003 ആണ്. സമാശ്വാസ നിയമന പദ്ധതിയിലെ വ്യവസ്ഥകൾക്കനുസൃതമായി 31-12-2012 ന് ടി സ്കൂളിലെ ലാബ് അസിസ്റ്റന്റ് തസ്തികയ്ക്ക് അപേക്ഷ സമർപ്പിക്കുകയും ടി അപേക്ഷ

പരിഗണിക്കുന്നതിന് ഹയർ സെക്കന്ററി റീജണൽ ഡെപ്യൂട്ടി ഡയറക്ടർ നിർദ്ദേശം നൽകിയിരുന്നെങ്കിലും മേൽ നിർദ്ദേശം മാനേജർ പാലിക്കുകയുണ്ടായില്ല. തുടർന്ന് ടിയാൾ സമർപ്പിച്ച പരാതിയിന്മേൽ ജില്ലാ വിദ്യാഭ്യാസ ഓഫീസർ ഹിയറിംഗ് നടത്തുകയും 02-07-2018 ൽ വന്ന ഓഫീസ് അറ്റൻഡന്റ് ഒഴിവിലേക്ക് ശ്രീ.അശ്വിൻ വർമ്മയെ പരിഗണിക്കണമെന്ന് നിർദ്ദേശിച്ചു കൊണ്ട് ഉത്തരവാകുകയും ചെയ്തു.

4. കേരള വിദ്യാഭ്യാസ ചട്ടം അധ്യായം 24ബി യിലെ ചട്ടം 7എ പ്രകാരം സർക്കാർ സ്കൂളിലെ അനധ്യാപകരുടെ സേവന/യോഗ്യത വ്യവസ്ഥകൾ തന്നെ എയ്ഡഡ് സ്കൂളിലെ അനധ്യാപകർക്കും ബാധകമാക്കി ചട്ട ഭേദഗതി വരുത്തിയിരുന്നു. കേരള ലാസ്റ്റ് ഗ്രേഡ് സർവ്വീസിലെ സ്പെഷ്യൽ റൂൾസിൽ 04-06-2016 ലെ എസ്ആർഒ നമ്പർ 412/2016 പ്രകാരം 2011 ജൂലൈ 1 മുതൽ ലാസ്റ്റ് ഗ്രേഡ് നിയമനങ്ങൾക്ക് ബിരുദധാരികൾ അപേക്ഷിക്കാൻ പാടില്ല. 03-12-2016ലെ എസ്.ആർ.ഒ നം. 734/2016 പ്രകാരം മേൽ പ്രസ്താവിച്ച ഉത്തരവിന് 04-06-2016 മുതൽ ആയിരിക്കും പ്രാബല്യം എന്ന് ചട്ടത്തിൽ ഭേദഗതി വരുത്തിയിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ മേൽ തിയ്യതിക്കു ശേഷമുള്ള ലാസ്റ്റ് ഗ്രേഡ് നിയമനങ്ങൾക്ക് ബിരുദധാരികളെ പരിഗണിക്കുവാൻ പാടില്ലാത്തതാണ്. ടി തിയ്യതിക്കു മുമ്പ് ചട്ട പ്രകാരമുള്ള ആർജിത മുൻഗണനാവകാശികളെ മേൽ വ്യവസ്ഥയിൽ നിന്നും ഒഴിവാക്കിയുള്ള സർക്കാർ ഉത്തരവുകളൊന്നും തന്നെ ലഭ്യമല്ല എന്നു കാണുന്നു. ടിയാൾ ബിരുദ യോഗ്യത നേടും മുൻപെ തന്നെ 31-12-2012ന് സമാശ്വാസ പദ്ധതി പ്രകാരം അപേക്ഷിച്ചിട്ടുള്ളതായും മേൽ തീയതിയിൽ ചട്ടഭേദഗതി നിലവിലില്ലാതിരുന്നതിനാലും ഇത്തരം അവകാശികളെ ചട്ട ഭേദഗതി പ്രാബല്യത്തിൽ വന്ന ശേഷമുണ്ടാവുന്ന ഒഴിവുകളിൽ നിയമിക്കുന്നതു സംബന്ധിച്ച് നിലവിൽ നിർദ്ദേശങ്ങൾ ഒന്നും തന്നെ ഇല്ല എന്ന് കാണുന്നു. ആയതിനാൽ അശ്വിൻ വർമ്മയുടെ ഹർജി പരിഗണിക്കാൻ നിർവഹാമില്ലെന്നു പൊതുവിദ്യാഭ്യാസ ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. കണ്ണൂർ, ചിറക്കൽ രാജാസ് എച്ച്.എസ്.എസിൽ എഫ്.ടി.സി.ഇ ആയി 31-05-2022ന് നിയമനം ലഭിച്ച ശ്രീ.അശ്വിൻ വർമ്മ ബിരുദധാരിയായതിനാൽ 04-06-2016 ലെ എസ്.ആർ.ഒ നം.412/2016 പ്രകാരം പ്രസ്തുത നിയമനം അംഗീകരിക്കുവാനാകില്ല.

5. എന്നാൽ, ആശ്രിതനിയമന പദ്ധതി പ്രകാരം അപേക്ഷ സമർപ്പിക്കുന്ന സമയത്ത് ബന്ധപ്പെട്ട തസ്തികയിലെ യോഗ്യത എന്താണോ അതാണ് നിയമനം പിന്നീടാണ് നൽകുന്നതെങ്കിൽ പോലും പരിഗണിക്കേണ്ടത്.

6. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഈ കേസിൽശ്രീ.അശ്വിൻ വർമ്മ

കെ.ഇ.ആർ ചാപ്റ്റർ XXIV B, റൂൾ 9 A അവകാശിയായതിനാലും ടിയാൻ 2012-ൽ തന്നെ നിയമനത്തിന് അപേക്ഷിച്ചതിനാലും അപേക്ഷ സമർപ്പിച്ച സമയത്ത് ടി തസ്തികയിലെ യോഗ്യത മാത്രമേ ടിയാന് ബാധകമാകുകയുള്ളൂ. ആയതിനാൽ, ടിയാന്റെ ബിരുദം അയോഗ്യതയായി കണക്കാക്കാതെ മറ്റു വിധത്തിൽ ക്രമപ്രകാരമെങ്കിൽ ഭിന്നശേഷി സംവരണം ബാധകമാക്കാതെ നിയമനാംഗീകാരം നൽകാവുന്നതാണ് എന്ന നിർദ്ദേശം കണ്ണൂർ ജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് നല്കി പരാമർശം(1)ലെ റിവിഷൻ ഹർജി തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
SUNITHA.S.GEORGE
അണ്ടർ സെക്രട്ടറി

പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.

ജില്ലാ വിദ്യാഭ്യാസ ഓഫീസർ, കണ്ണൂർ.

ശ്രീ.അശ്വിൻ വർമ്മ, എഫ്.ടി.സി.ഇ, ചിറക്കൽ രാജാസ് എച്ച്.എസ്.എസ്, കണ്ണൂർ.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ്/എ&ഇ), തിരുവനന്തപുരം.
വിവരപൊതുജനസമ്പർക്ക(വെബ്&ന്യൂമീഡിയ) വിഭാഗം
കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം
Signed by
Padmakumari B
Date: 08-04-2024 15:14:45
സെക്ഷൻ ഓഫീസർ

പകർപ്പ് - ബഹു.പൊതുവിദ്യാഭ്യാസവും തൊഴിലും വകുപ്പ മന്ത്രിയുടെ പി.എസിന്
പ്രിൻസിപ്പൽ സെക്രട്ടറിയുടെ സി.എയ്ക്ക്.